| 08–11–2024 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ– നിങ്ങൾ രാജയോഗത്തിന്റെ പഠിപ്പ് പഠിക്കുന്നത് രാജപദവിയ്ക്കു വേണ്ടിയാണ്, ഇതാണ് നിങ്ങളുടെ പുതിയ പഠിപ്പ്

**ചോദ്യം:–** ഈ പഠിപ്പിൽ പല കുട്ടികളും മുന്നോട്ടു പോകവേ തോറ്റു പോകുന്നു എന്തുകൊണ്ട്?
**ഉത്തരം:–** കാരണം ഈ പഠിപ്പിൽ മായയോടൊപ്പമാണ് യുദ്ധമുള്ളത്. മായയുമായുള്ള മല്ലയുദ്ധത്തിൽ (ബോക്സിംഗ്) ബുദ്ധിയ്ക്ക് വളരെയധികം കഠിനമായ മുറിവുകൾ പറ്റിയിട്ടുണ്ട്. മുറിവ് പറ്റിയതുകൊണ്ട് ബാബയോട് സത്യതയോടെ ഇരിക്കാനാവുന്നില്ല. സത്യമായ കുട്ടികൾ സദാ സുരക്ഷിതരായിരിക്കുന്നു.

**ഓം ശാന്തി.** നമ്മൾ ആത്മാക്കളെ പരമാത്മാവാകുന്ന ബാബയാണ് പഠിപ്പിക്കുന്നതെന്ന് എല്ലാ കുട്ടികൾക്കും നിശ്ചയമുണ്ടാകും. 5000 വർഷങ്ങൾക്ക് ശേഷം ഒരേയൊരു തവണയാണ് പരിധിയില്ലാത്ത അച്ഛൻ വന്ന് പരിധിയില്ലാത്ത കുട്ടികളെ പഠിപ്പിക്കുന്നത്. ഏതെങ്കിലും പുതിയ ആളുകൾ ഈ കാര്യങ്ങൾ കേൾക്കുകയാണെങ്കിൽ മനസ്സിലാക്കുവാൻ സാധിക്കില്ല. ആത്മീയ അച്ഛനാരാണ്, ആത്മീയ കുട്ടികളാരാണ് എന്നുള്ള കാര്യം മനസ്സിലാക്കുവാൻ പുതിയവർക്ക് സാധിക്കില്ല. നമ്മൾ സഹോദരങ്ങളാണെന്നുള്ളത് നിങ്ങൾ കുട്ടികൾക്കറിയാം. ബാബ നമ്മുടെ അച്ഛനുമാണ്, ടീച്ചറുമാണ്, പരമമായ ഗുരുവുമാണ്. നിങ്ങൾ കുട്ടികൾക്ക് ഇത് സ്വാഭാവികമായും ഓർമ്മയുണ്ടാകുന്നു. സർവ്വാത്മാക്കൾക്കും ഒരേയൊരു ആത്മീയ പിതാവാണുള്ളതെന്ന കാര്യം ഇവിടെയിരുന്നുകൊണ്ട് നിങ്ങൾ മനസ്സിലാക്കുന്നു. സർവ്വാത്മാക്കളും ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. ഏതു ധർമ്മത്തിലുള്ളവരാണെങ്കിലും. എല്ലാ മനുഷ്യരും തീർച്ചയായും ഓർമ്മിക്കുന്നുണ്ട്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് സർവ്വരിലും ആത്മാക്കളുണ്ടല്ലോ. ഇപ്പോൾ ബാബ പറയുന്നു–ദേഹത്തിന്റെ എല്ലാ ധർമ്മങ്ങളെയും ഉപേക്ഷിച്ച് സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കണം. ഇപ്പോൾ നിങ്ങൾ ആത്മാക്കൾ ഇവിടെ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെയുള്ള പാർട്ടാണ് അഭിനയിക്കുന്നതെന്ന് മനസ്സിലാക്കിത്തന്നിട്ടുണ്ട്. കുട്ടികളും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മനസ്സിലാക്കിയിട്ടുണ്ട്. നിങ്ങൾ രാജയോഗികളല്ലേ. പഠിക്കുന്നവരെല്ലാവരും തന്നെ യോഗികളാണ്. പഠിപ്പിക്കുന്ന ടീച്ചറുമായി തീർച്ചയായും യോഗമുണ്ടാകുമല്ലോ. ലക്ഷ്യത്തെക്കുറിച്ചുള്ള അറിവുമുണ്ടാകും – ഈ പഠിപ്പിലൂടെ ഞങ്ങൾ ഉന്നതായിത്തീരുന്നു. രാജാക്കന്മാരുടെയും രാജാവായിത്തീരുന്നതിനുള്ള പഠിപ്പ് ഇതൊന്നു മാത്രമാണ്. രാജയോഗമല്ലേ. രാജ്യപദവി പ്രാപ്തമാകുന്നതിനായാണ് ബാബയുമായി യോഗം വെക്കുന്നത്. മറ്റൊരു മനുഷ്യർക്കും ഒരിക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. നിങ്ങളെ പഠിപ്പിക്കുന്നത് ഒരു മനുഷ്യനല്ല. പരമാത്മാവാണ് നിങ്ങൾ ആത്മാക്കളെ പഠിപ്പിക്കുന്നത്. നിങ്ങൾ പിന്നീട് മറ്റുള്ളവരെ പഠിപ്പിക്കുന്നു. നിങ്ങളും സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. നമ്മൾ ആത്മാക്കളെ ബാബയാണ് പഠിപ്പിക്കുന്നത്. ഇത് ഓർമ്മ വരാതെ ഒരിക്കലും ശക്തി നിറയുകയില്ല, അതുകൊണ്ട് വളരെയധികം പേരുടെ ബുദ്ധിയിൽ ഇരിക്കുന്നില്ല. അതുകൊണ്ടാണ് ബാബ എപ്പോഴും , യോഗയുക്തമായിരിക്കൂ.., ഓർമ്മയുടെ യാത്രയിൽ ഇരുന്നുകൊണ്ട് മനസ്സിലാക്കിക്കൊടുക്കൂ ...എന്ന് പറയുന്നത്. നമ്മൾ സഹോദരങ്ങൾക്കാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. നിങ്ങളും ആത്മാവാണ്, ബാബ എല്ലാവർക്കും അച്ഛനും, ടീച്ചറും, ഗുരുവുമാണ്. ആത്മാവിനെ വേണം കാണാൻ. ഒരു സെക്കന്റിൽ ജീവൻമുക്തി എന്ന മഹിമയുണ്ടെങ്കിലും ഇതിൽ ധാരാളം പ്രയത്നമുണ്ട്. ആത്മാഭിമാനിയായി മാറാതെ നിങ്ങളുടെ വാക്കുകളിൽ ശക്തി നിറയുകയില്ല, കാരണം എതു പ്രകാരത്തിലാണോ ബാബ മനസ്സിലാക്കിത്തരുന്നത് ആ രീതിയിൽ മറ്റാരും തന്നെ മനസ്സിലാക്കിത്തരികയില്ല. ചിലർ വളരെ നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കുന്നു. ആരാണ് മുള്ള് ആരാണ് പൂക്കൾ എന്ന് അറിയാൻ സാധിക്കുമല്ലോ. സ്കൂളിൽ കുട്ടികൾ 5–6 ക്ലാസ്സ് വരെ പഠിച്ച് പിന്നീട് ട്രാൻസ്ഫർ ആകുന്നു. നല്ല–നല്ല കുട്ടികൾ ട്രാൻസ്ഫർ ആകുമ്പോൾ ആ ക്ലാസ്സിലുള്ള ടീച്ചർക്കും പെട്ടെന്ന് അറിയാൻ സാധിക്കും. ഈ കുട്ടികളും(ലക്ഷ്മീ–നാരായണൻ) തീവ്രപുരുഷാർത്ഥികളാണ്, ഇവർ നന്നായി പഠിച്ചിട്ടുണ്ട് അതുകൊണ്ടാണ് ഉയർന്ന നമ്പറിലേക്ക് വന്നത്. ടീച്ചർക്ക് തീർച്ചയായും മനസ്സിലാക്കാൻ സാധിക്കുമല്ലോ. അത് ലൗകീക പഠിപ്പാണ്, ഇവിടെ അങ്ങനെയില്ല. ഇത് പാരലൗകിക പഠിപ്പാണ്. മറ്റ് പഠിപ്പുകളെപ്പോലെ ഇവർ പണ്ട് മുതലേ നന്നായി പഠിച്ചു വന്നതുകൊണ്ടാണ് ഇപ്പോഴും നന്നായി പഠിക്കുന്നത് എന്നല്ല. മറ്റ് പരീക്ഷകളിലാണെങ്കിൽ ട്രാൻസ്ഫർ ആകുമ്പോൾ ടീച്ചർക്ക് മനസ്സിലാകുന്നു ഇവർ പഠിപ്പിൽ ഇത്രയും പ്രയത്നിച്ചു, അതുകൊണ്ടാണ് ആദ്യ നമ്പർ നേടിയത്. ഇവിടെ ഇത് പുതിയ പഠിപ്പായതു കൊണ്ട് നേരത്തേ പഠിക്കുന്ന കാര്യം വരുന്നില്ല.ഇത് പുതിയ പഠിപ്പാണ് പഠിപ്പിക്കുന്ന ആളും പുതിയതാണ്. എല്ലാം പുതിയതാണ്. പുതിയവരെ പഠിപ്പിക്കുന്നു. അതിലും ആരാണോ നല്ല രീതിയിൽ പഠിക്കുന്നത് അവരെ നല്ല പുരുഷാർത്ഥികൾ എന്നു പറയും. ഇത് പുതിയ ലോകത്തിലേക്കു വേണ്ടിയുള്ള പുതിയ ജ്ഞാനമാണ്

ഇത് പഠിപ്പിക്കാൻ മറ്റാരും തന്നെയില്ല. എത്രത്തോളം ശ്രദ്ധ നൽകുന്നോ അത്രത്തോളം ഉയർന്ന നമ്പറിലേക്ക് പോകുന്നു. ചിലർ വളരെ മധുരവും, ആജ്ഞാകാരിയുമായിരിക്കും. കാണുമ്പോൾതന്നെ അറിയാൻ സാധിക്കും ഇവരെ പഠിപ്പിക്കുന്ന ആൾ വളരെ നല്ലതാണ്, ഇവരിൽ ഒരു അവഗുണവുമില്ല. പെരുമാറ്റത്തിലൂടെയും, സംസാരശൈലിയിലൂടെയും മനസ്സിലാക്കാൻ സാധിക്കുന്നു. ബാബ എല്ലാവരോടും ചോദിക്കാറുമുണ്ട്- ഇവർ എങ്ങനെ പഠിക്കുന്നു, ഇവരിൽ യാതൊരു കുറവുകളുമില്ലല്ലോ. ഞങ്ങളോടു ചോദിക്കാതെ ബാബയ്ക്ക് വിവരങ്ങൾ നൽകരുത് എന്നു പറയുന്നവരുമുണ്ട്. ചിലർ നന്നായി പഠിക്കുന്നവരുണ്ട്. ചിലർക്ക് അത്ര തീക്ഷ്ണ ബുദ്ധിയില്ല. മായയുടെ യുദ്ധം വളരെയധികം ഉണ്ടാകുന്നു. ഇവരെ മായ വളരെയധികം ചതിക്കുന്നുണ്ടെന്ന് ബാബക്കറിയാം. 10 വർഷം പഠിപ്പിച്ചാലും, മായ വളരെയധികം ശക്തിശാലിയാണ്- ദേഹ-അഹങ്കാരം വന്നു കഴിഞ്ഞാൽ പെട്ടുപോകും. ബാബ മനസ്സിലാക്കിത്തരുന്നു ആരെല്ലാമാണോ ശക്തിശാലികൾ, അവരുടെ മേൽ മായയുടെ മുറിവേൽക്കുകതന്നെ ചെയ്യും. മായയും ബലവാന്മാരോട് ബലവാനായിത്തന്നെ യുദ്ധം ചെയ്യും.
നിങ്ങൾ മനസ്സിലാക്കുന്നുണ്ടാവും ബാബ ആരിലാണോ പ്രവേശിച്ചത് ഇവർ നമ്പർവൺ ആണ്. പിന്നീടുള്ളവരെല്ലാം നമ്പർവൈസ് ആണ്. ബാബ ഒന്നുരണ്ടു പേരുടെ ഉദാഹരണം നൽകാറുണ്ട്. വളരെയധികം പേർ നമ്പർവൈസ് ആണ്. എങ്ങനെയാണോ ഡൽഹിയിലെ ഗീത എന്ന കുട്ടി വളരെയധികം സമർത്ഥശാലിയായിട്ടുള്ളത്, വളരെ മധുരവുമാണ്. ബാബ എപ്പോഴും പറയാറുണ്ട്, ഗീത സത്യമായ ഗീതയാണ്. മനുഷ്യർ ഭക്തിയിലെ ഗീത പഠിക്കാറുണ്ട് എന്നാൽ ഭഗവാൻ എങ്ങനെയാണ് രാജയോഗം പഠിപ്പിച്ച് രാജാക്കന്മാരുടെയും രാജാവാക്കി മാറ്റിയത് എന്ന കാര്യം മനസ്സിലാക്കുന്നില്ല. സത്യയുഗം ഉണ്ടായിരുന്നപ്പോൾ ഒരേയൊരു ധർമ്മമായിരുന്നു, ഇത് ഇന്നലത്തെ കാര്യമാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെ വളരെയധികം ധനവാനാക്കി മാറ്റിയാണ് പോയത്. നിങ്ങൾ കോടിമടങ്ങ് ഭാഗ്യശാലികളായിരുന്നു, ഇപ്പോൾ നിങ്ങൾ എന്തായിത്തീർന്നിരിക്കുകയാണ്. നിങ്ങൾ ഇത് അനുഭവം ചെയ്യുന്നുമുണ്ടല്ലോ. മറ്റ് ഗീത കേൾപ്പിക്കുന്നവരിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും ഫീലിംഗ് ഉണ്ടാവാറുണ്ടോ, അൽപം പോലും മനസ്സിലാക്കുന്നില്ല. ശ്രീമത് ഭഗവദ്ഗീതയ്ക്കാണ് ഏറ്റവും ഉയർന്ന മഹിമയുള്ളത്. അവർ ഗീതയുടെ ഗ്രന്ഥം വായിച്ചു കേൾപ്പിച്ചു തരുന്നു. ബാബ ഇവിടെ പുസ്തകം എടുത്ത് വായിക്കുന്നില്ല. വ്യത്യാസമുണ്ടല്ലോ. അവർക്ക് ഓർമ്മയുടെ യാത്ര ഇല്ല. അവർ താഴേക്ക് അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. സർവ്വവ്യാപിയുടെ ജ്ഞാനത്തിലൂടെ എല്ലാവരും എന്തായിത്തീർന്നിരിക്കുന്നു എന്നു നോക്കൂ. നിങ്ങൾക്കറിയാം കൽപ്പ-കൽപ്പം ഇതുപോലെത്തന്നെ സംഭവിക്കും. ബാബ പറയുന്നു, ഞാൻ നിങ്ങളെ പഠിപ്പിച്ച് വിഷയസാഗരത്തിൽ നിന്നും അക്കരെ കടത്തുന്നു. ഭക്തിമാർഗ്ഗം തന്നെ വ്യത്യസ്തമാണ്. ശാസ്ത്രം പഠിക്കുക എന്നുള്ളത് ഭക്തിമാർഗ്ഗമായി. ബാബ പറയുന്നു ഇത് പഠിക്കുന്നതിലൂടെ ആർക്കും എന്നെ ലഭിക്കുകയില്ല. മറ്റുള്ളവർ പറയുന്നു ഏതു വഴിയിലൂടെ പോയാലും എല്ലാവരും ഒരു സ്ഥലത്തു തന്നെ എത്തിച്ചേരുന്നു. ചിലപ്പോൾ ഭഗവാൻ ഏതെങ്കിലും രൂപത്തിൽ വന്ന് പഠിപ്പിക്കുന്നു എന്നും പറയാറുണ്ട്. ബാബ വന്നു പഠിപ്പിക്കുന്നുവെങ്കിൽ പിന്നെ നിങ്ങൾ എന്തിനാണ് ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നത്? ബാബ മനസ്സിലാക്കിത്തരുന്നു ഗീതയിൽ ആട്ടയിൽ ഉപ്പു കലർത്തിയപോലെ ചില വാക്കുകൾ ശരിയാണ്. അവയെക്കുറിച്ച് നിങ്ങൾക്ക് എടുത്ത് പറയാൻ സാധിക്കും. സത്യയുഗത്തിൽ ശാസ്ത്രങ്ങളൊന്നും തന്നെ ഉണ്ടാകുന്നില്ല. ശാസ്ത്രങ്ങൾ ഭക്തിമാർഗ്ഗത്തിലേതാണ്. അല്ലാതെ അനാദിയല്ല. ആരംഭം മുതൽക്കേ ഉണ്ടെന്ന് പറയാൻ കഴിയില്ല. അനാദി എന്നതിന്റെ അർത്ഥത്തെക്കുറിച്ച് മനസ്സിലാക്കുന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു ഈ ഡ്രാമ അനാദിയാണ്. ബാബ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. ഇപ്പോൾ നിങ്ങളെ പഠിപ്പിക്കുന്നു, പിന്നീട് അത് നിങ്ങളിൽ നിന്നും നഷ്ടപ്പെടുന്നു. നിങ്ങൾ പറയുന്നു നമ്മുടെ രാജ്യം അനാദിയായിരുന്നു. രാജ്യം അതുതന്നെയാണ്, കേവലം പാവന അവസ്ഥയിൽ നിന്നും പതിതമായതിലൂടെ പേരിന് പരിവർത്തനം വന്നു. ദേവത എന്നതിനു പകരം ഹിന്ദു എന്നു പറയപ്പെട്ടു. ആദിസനാതന ദേവീദേവതാ ധർമ്മമാണ് യഥാർത്ഥമായത്. എങ്ങനെയാണോ മറ്റുള്ളവർ സതോപ്രധാന അവസ്ഥയിൽ നിന്നും സതോ-രജോ-തമോവിലേക്ക് വരുന്നത് നിങ്ങളും അതുപോലെ അധഃപതിക്കുന്നു. രജോവിലേക്ക് വരുമ്പോൾ അപവിത്രത കാരണം ദേവതയ്ക്കു പകരം ഹിന്ദുവെന്ന് പറയുന്നു. ഇല്ലെങ്കിൽ ഹിന്ദു എന്ന് പറയുന്നത് ഹിന്ദുസ്ഥാന്റെ പേരാണ്. നിങ്ങൾ യഥാർത്ഥത്തിൽ ദേവീദേവതകളായിരുന്നില്ലേ. ദേവതകൾ സദാ പാവനമാണ്. ഇപ്പോൾ മനുഷ്യർ പതിതമായി. അപ്പോൾ പേര് ഹിന്ദു എന്നാക്കി. ഹിന്ദുധർമ്മം എപ്പോഴാണ്, ആരാണ് രചിച്ചത് എന്ന് ആരോടെങ്കിലും ചോദിച്ചാൽ ആർക്കും പറയാൻ കഴിയില്ല. ആദിസനാതന ദേവീദേവതാ ധർമ്മം ഉണ്ടായിരുന്നപ്പോൾ ആ സമയത്തിന് സ്വർഗ്ഗം, പാരഡൈസ് എന്നെല്ലാം വളരെ നല്ല നല്ല പേരുകൾ നൽകിയിരുന്നു. എന്താണോ കഴിഞ്ഞു പോയത് അത് വീണ്ടും ആവർത്തിക്കണം. ഈ സമയം നിങ്ങൾക്ക് ആരംഭം മുതൽക്ക് അവസാനം വരെ എല്ലാം അറിയാം. ഇത് മനസ്സിലാക്കുകയാണെങ്കിൽ ബ്രാഹ്മണനായിത്തന്നെ ജീവിക്കുന്നു. പലരും മരിച്ചു പോകുന്നു(രാവണന്റേതാകുന്നു). ബാബയുടേതായി മാറുമ്പോഴാണ് മായയുടെ യുദ്ധം ഉണ്ടാകുന്നത്.

യുദ്ധമുണ്ടാകുന്നതിലൂടെ ചിലർ കുലദ്രോഹിയായി മാറുന്നു. ആദ്യം രാവണന്റേതായിരുന്നു, ഇപ്പോൾ രാമന്റേതായിരിക്കുകയാണ്. പിന്നീട് രാവണൻ, രാമന്റെ കുട്ടികൾക്കു മേൽ വിജയം പ്രാപ്തമാക്കി തന്റെ വശത്തേക്ക് കൊണ്ടുവരുന്നു. ചിലർക്ക് മായയുടെ അസുഖം പിടിപെടുന്നു പിന്നീട് അവിടെയും ഇവിടെയും ഇല്ലാത്ത അവസ്ഥയാവും. സന്തോഷവുമുണ്ടായിരിക്കില്ല വിഷമവും ഉണ്ടായിരിക്കില്ല. ഇടയിലുള്ള അവസ്ഥയുണ്ടാകുന്നു. നിങ്ങൾക്കിടയിലും വളരെയധികം പേർക്ക് ഈ അവസ്ഥയാണ്. പൂർണ്ണമായും ബാബയുടേതുമാകില്ല. എന്നാൽ പൂർണ്ണമായും രാവണന്റേതുമല്ല.
ഇപ്പോൾ നിങ്ങൾ പുരുഷോത്തമസംഗമയുഗത്തിലാണ്. ഉത്തമപുരുഷനാകുന്നതിനുവേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം വളരെയധികം നല്ല രീതിയിൽ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാബ ചോദിക്കുമ്പോൾ വളരെയധികം കുട്ടികൾ കൈകൾ ഉയർത്തുന്നു എന്നാൽ മനസ്സിലാക്കുന്നതിനുള്ള ബുദ്ധിയില്ല. ബാബ ശുഭമായ വാക്കുകൾ മാത്രം സംസാരിക്കാൻ പറയുന്നുണ്ട്. ഞങ്ങൾ നരനിൽ നിന്നും നാരായണനാകും എന്ന് പറയാറുണ്ട്. ഇത് നരനിൽ നിന്നും നാരായണനായി മാറുന്നതിന്റെ കഥയാണ്. അജ്ഞാനകാലഘട്ടത്തിൽ സത്യനാരായണന്റെ കഥ കേട്ടിരുന്നില്ലേ. എന്നാൽ ആ സമയത്ത് ആർക്കും ഇങ്ങനെ ചോദിക്കാൻ സാധിക്കില്ല. ഇത് ബാബയ്ക്കു മാത്രമേ ചോദിക്കാൻ കഴിയൂ. നിങ്ങൾക്ക് ഇവരെപ്പോലെയായിത്തീരാനുള്ള ധൈര്യമുണ്ടോ? നിങ്ങൾക്ക് തീർച്ചയായും പാവനമാകണം. ആരെങ്കിലും വരുമ്പോൾ , ഈ ജന്മത്തിൽ ഏതെങ്കിലും പാപ കർമ്മങ്ങൾ ചെയ്തിട്ടില്ലല്ലോ?എന്ന് ചോദിക്കാറുണ്ട്. എല്ലാവരും ജന്മജന്മാന്തരത്തിലെ പാപികൾ തന്നെയാണ്. ഈ ജന്മത്തിലെ പാപങ്ങൾ പറയുകയാണെങ്കിൽ ഭാരരഹിതമായിത്തീരുന്നു. ഇല്ലെങ്കിൽ ഹൃദയത്തിനുള്ളിൽ കുത്തിക്കൊണ്ടേയിരിക്കും. സത്യം തുറന്നു പറയുന്നതിലൂടെ ഭാരരഹിതമാകുന്നു. പല കുട്ടികളും സത്യം തുറന്നു പറയുന്നില്ല. അപ്പോൾ മായ ഒറ്റയടിക്ക് ശക്തമായി പ്രഹരിക്കും. നിങ്ങളുടേത് വളരെ കടുത്ത ബോക്സിംഗാണ്. മറ്റുള്ള ബോക്സിംഗിൽ ശരീരത്തിനാണ് മുറിവേൽക്കുന്നത്, ഇവിടെ ബുദ്ധിയ്ക്ക് വളരെയധികം മുറിവേൽക്കുന്നു. ഇത് ബാബക്കും അറിയാം. ബ്രഹ്മാവും പറയുന്നു എന്റെ വളരെ ജന്മങ്ങൾക്കു ശേഷമുള്ള അവസാന ജന്മമാണിത്. ആദ്യം വളരെയധികം പാവനമായിരുന്നു ഇപ്പോൾ ഏറ്റവും പതിതമായിരിക്കുകയാണ്. ഇപ്പോൾ വീണ്ടും പാവനമാകുന്നു. ബ്രഹ്മാവ് ഒരിക്കലും സ്വയത്തെ മഹാത്മാവാണെന്ന് പറയുന്നില്ല. ബാബയും ഇവർക്ക് (ബ്രഹ്മാവ്) അംഗീകാരം നൽകുന്നു, ബ്രഹ്മാവാണ് ഏറ്റവും കൂടുതൽ പതിതമായിരിക്കുന്നത്. ബാബ പറയുന്നു, ഞാൻ പരദേശത്തിൽ പരന്റെ ശരീരത്തിലാണ് വരുന്നത്. ബ്രഹ്മാവിന്റെ വളരെയധികം ജന്മങ്ങളുടെ അന്തിമത്തിലാണ് ബാബ പ്രവേശിക്കുന്നത്. ഇവരാണ് പൂർണ്ണമായും 84 ജന്മം എടുത്തിട്ടുള്ളത്. ഇപ്പോൾ ബ്രഹ്മാവും പാവനമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്, വളരെയധികം കരുതലോടെയും ഇരിക്കണം. ബാബക്ക് അറിയാമല്ലോ. കാരണം ഈ കുട്ടി(ബ്രഹ്മാവ്) വളരെ സമീപത്താണ്. ഒരിക്കലും ബാബയിൽ നിന്നും വേർപിരിയാനാകില്ല. വിട്ടുപോകണം എന്നുള്ള സങ്കൽപ്പം പോലും വരില്ല. ബാബയുടെ ഏറ്റവും സമീപത്താണ് ഇരിക്കുന്നത്. എന്റെ ബാബ എന്റെ വീട്ടിലാണ് ഇരിക്കുന്നത് (ശരീരം). ബാബ (ബ്രഹ്മാബാബ) ഇടയ്ക്ക് തമാശയും പറയാറുണ്ട്. ബാബാ എന്നെ ഇന്ന് കുളിപ്പിക്കൂ, ഭോജനം കഴിപ്പിക്കൂ. ഞാൻ ചെറിയ കുട്ടിയാണ്, അങ്ങനെ പല പ്രകാരത്തിൽ ബാബയെ ഓർമ്മിക്കുന്നു. നിങ്ങൾ കുട്ടികളോടും ഇതു പോലെ ഓർമ്മിക്കാനായി മനസ്സിലാക്കിത്തരുന്നു. ബാബാ അങ്ങ് വളരെ മധുരമാണ്. പെട്ടെന്നുതന്നെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ഈ കാര്യങ്ങളൊന്നും മറ്റാരുടെയും ബുദ്ധിയിലുണ്ടാവുകയില്ല. ബാബ എല്ലാവരെയും റിഫ്രഷ് ചെയ്യിപ്പിക്കുന്നു. എല്ലാവരും പുരുഷാർത്ഥം ചെയ്യുന്നുണ്ട്, എന്നാൽ പെരുമാറ്റവും അതനുസരിച്ചായിരിക്കും. എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ പെട്ടെന്നുതന്നെ ബാബയ്ക്ക് എഴുതണം – ബാബാ എന്നിൽ നിന്നും ഈ തെറ്റ് സംഭവിച്ചു. ചില കുട്ടികൾ എഴുതാറുണ്ട് – ബാബാ എന്നിൽ നിന്നും ഈ തെറ്റ് സംഭവിച്ചു, മാപ്പാക്കണം. എന്റെ കുട്ടിയായി മാറി പിന്നീട് തെറ്റ് ചെയ്യുന്നതിലൂടെ പാപം 100 മടങ്ങ് വർദ്ധിക്കുന്നു. മായയോട് തോൽക്കുമ്പോൾ പഴയതുപോലെത്തന്നെയായിത്തീരുന്നു. അങ്ങനെ വളരെയധികം പേർ തോറ്റുപോകുന്നു. ഇത് വളരെ വലിയ ബോക്സിംഗാണ്. രാമന്റെയും, രാവണന്റെയും യുദ്ധമാണ് ഉണ്ടാകുന്നത്. വാനരസൈന്യത്തെ ഉപയോഗിച്ചതിനെക്കുറിച്ച് കാണിച്ചിട്ടുണ്ട്. ഈ കഥയെല്ലാം കുട്ടിക്കളിപോലെയാണ് ഉണ്ടാക്കിയിരിക്കുന്നത്. ചെറിയ കുട്ടികൾ വിവേകഹീനരായിരിക്കുമല്ലോ. ബാബയും പറയുന്നു ഈ കഥയെല്ലാം ഇവരുടെ തുച്ഛമായ ബുദ്ധിയിലൂടെ വന്നതാണ്. ഓരോരുത്തരും ഈശ്വരന്റെ രൂപമാണെന്ന് പറയുന്നു, അങ്ങനെയെങ്കിൽ ഓരോരുത്തരും ഈശ്വരനായി സൃഷ്ടിക്കുകയും, പരിപാലിക്കുകയും, വിനാശം നടത്തുകയും ചെയ്യണം. എന്നാൽ ഈശ്വരൻ ഒരിക്കലും വിനാശം ചെയ്യില്ലല്ലോ. ഇത് എത്ര വലിയ അജ്ഞതയാണ്. അതുകൊണ്ടാണ് ,ഇത്രയും കാലം പാവകളുടെ പൂജ ചെയ്തു വന്നു എന്ന് പറയുന്നത്. അത്ഭുതമാണ്, മനുഷ്യരുടെ ബുദ്ധി നോക്കൂ എന്തായിത്തീർന്നിരിക്കുന്നു. എത്രയാണ് ധനം ചിലവഴിച്ചുകൊണ്ടിരിക്കുന്നത്. ബാബ പരാതിപ്പെടുന്നു – ഞാൻ നിങ്ങളെ ഇത്രയും ധനവാനാക്കി മാറ്റിയിരുന്നു, നിങ്ങൾ അതെല്ലാം തന്നെ എന്തുചെയ്തു! നിങ്ങൾക്കും അറിയാം നമ്മൾ

ആദ്യം ദേവതകളായിരുന്നു പിന്നീട് ചക്രം കറങ്ങി ഇപ്പോൾ ബ്രാഹ്മണനായിരിക്കുകയാണ്. ഇനി വീണ്ടും നമ്മൾ തന്നെ ദേവതയായിത്തീരുന്നു. ഈ കാര്യം ബുദ്ധിയിലുണ്ടല്ലോ. ഇവിടെ ഇരിക്കുമ്പോഴും ബുദ്ധിയിൽ ഈ ജ്ഞാനം ഉണ്ടായിരിക്കണം. ബാബ ജ്ഞാനസാഗരനാണ്. ശാന്തിധാമത്തിലാണ് വസിക്കുന്നത് അതുകൊണ്ട് ബാബയെ നോളെജ്ഫുൾ എന്ന് പറയുന്നു. നിങ്ങൾ ആത്മാക്കളിലും മുഴുവൻ ജ്ഞാനവും അടങ്ങിയിട്ടുണ്ട്. ഇങ്ങനെ പറയാറുണ്ട് ഈ ജ്ഞാനത്തിലൂടെ എന്റെ കണ്ണുകൾ തുറന്നു. ബാബ നിങ്ങൾക്ക് ജ്ഞാനത്തിന്റെ നേത്രമാണ് നൽകുന്നത്. ആത്മാവിന് സൃഷ്ടിയുടെ ആദി, മധ്യ, അന്ത്യത്തെക്കുറിച്ചുള്ള അറിവ് ലഭിച്ചു. ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ബ്രാഹ്മണർക്കു മാത്രമാണ് സ്വദർശനചക്രം ലഭിക്കുന്നത്. ദേവതകളെ പഠിപ്പിക്കുന്നവർ ആരും തന്നെയില്ല. അവർക്ക് അവിടെ പഠിപ്പിന്റെ ആവശ്യം തന്നെയില്ല. പഠിക്കേണ്ടത് നിങ്ങളാണ് കാരണം നിങ്ങളാണ് ദേവതയായി മാറുന്നത്. ഇപ്പോൾ ബാബ നിങ്ങൾക്ക് ഈ പുതിയ-പുതിയ കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു. ഈ പുതിയ പഠിപ്പ് പഠിച്ച് നിങ്ങൾ ഉയർന്നവരാകുന്നു. ഫസ്റ്റ് സോ ലാസ്റ്റ്. ലാസ്റ്റ് സോ ഫസ്റ്റ്. ഇത് പഠിപ്പാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു ബാബ ഓരോ കൽപ്പവും വന്ന് നമ്മളെ പതിതത്തിൽ നിന്നും പാവനമാക്കുന്നു, പിന്നീട് ഈ ജ്ഞാനം തന്നെ ഇല്ലാതായിത്തീരുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വളരെയധികം ആജ്ഞാകാരിയും, മധുരവുമായി ജീവിക്കണം. ദേഹ-അഹങ്കാരത്തിലേക്ക് വരരുത്. ബാബയുടേതായി മാറി പിന്നീട് ഒരു തെറ്റും ചെയ്യരുത്. മായയുമായുള്ള ബോക്സിംഗിൽ വളരെയധികം കരുതലോടെ കഴിയണം.

2) തന്റെ വാക്കുകളിൽ ശക്തി നിറയ്ക്കുന്നതിനു വേണ്ടി ആത്മാഭിമാനി സ്ഥിതിയുടെ അഭ്യാസം ചെയ്യണം. സ്മൃതിയുണ്ടായിരിക്കണം - ബാബ പഠിപ്പിച്ചിട്ടുള്ളതാണ് നമ്മൾ കേൾപ്പിച്ചു കൊണ്ടിരിക്കുന്നത് . അപ്പോൾ അതിൽ ശക്തി നിറയും.

## വരദാനം- അവിനാശിയായ ലഹരിയിൽ ഇരുന്നുകൊണ്ട് ആത്മീയമായ ആനന്ദത്തിന്റെയും, സുഖത്തിന്റെയും അനുഭവം ചെയ്യുന്ന ബ്രാഹ്മണനിൽ നിന്നും ഫരിഷ്തയായി ഭവിക്കട്ടെ.

താങ്കൾ ബ്രാഹ്മണനിൽ നിന്നും മാലാഖയാകുന്നവർ ദേവതകളേക്കാൾ ശ്രേഷ്ഠരാണ്.ദേവതാ ജീവിതത്തിൽ ബാബയുടെ ജ്ഞാനം കാണപ്പെടുകയില്ല.പരമാത്മാവുമായുള്ള കൂടിക്കാഴ്ചയുടെ അനുഭവവും ഉണ്ടാകില്ല.അതിനാൽ, ഞങ്ങൾ ദേവതകളേക്കാളും ഉയർന്നവരും ബ്രാഹ്മണരിൽ നിന്നും മാലാഖയാകുന്നവരുമാണ് എന്ന ലഹരി ഉണ്ടായിരിക്കണം. ഈ അവിനാശിയായ ലഹരിയാണ് ആത്മീയമായ ആനന്ദത്തിന്റെയും, സുഖത്തിന്റെയും അനുഭവം ചെയ്യിക്കുന്നത്.ലഹരി സദാ ഇല്ലായെങ്കിൽ ഇടക്ക് സന്തോഷമുണ്ടാകും, ഇടക്ക് ദു:ഖിക്കുകയും ചെയ്യും.

## സ്ലോഗൻ:- തന്റെ സേവനങ്ങളെപ്പോലും ബാബക്കുമുന്നിൽ സമർപ്പിക്കൂ.എന്നാൽ മാത്രമേ സമർപ്പണമായ ആത്മാവ് എന്ന് പറയാനാകൂ